# Mathrubhumi

## 23 August 2018

## Thiruvananthapuram, Flood, Relief Camps



# ക്യാമ്പുകളിൽ കഴിയുന്നവർ 12.10 ലക്ഷം

**തിരുവനന്തപുരം** ▸ പ്രളയക്കെടു
തിയിൽപ്പെട്ട ആരേയും ബുധ
നാഴ്ച പുതിയതായി രക്ഷപ്പെടു
ത്തിയിട്ടില്ലെന്ന് മുഖ്യമന്ത്രി പിണ
റായി വിജയൻ പറഞ്ഞു. രക്ഷാ
പ്രവർത്തനം ഏറെക്കുറെ പൂർ
ത്തിയായെന്നാണ് ഇത് തെളി
യിക്കുന്നത്.

സംസ്ഥാനത്ത് വിവിധ ജി
ല്ലകളിലായി 3314 ക്യാമ്പുകളാ
ണ് പ്രവർത്തിക്കുന്നത്. ഇതിൽ
3,27,280 കുടുംബങ്ങളിലായി
12,10,453 പേർ കഴിയുന്നുണ്ടെ
ന്നും മുഖ്യമന്ത്രി അറിയിച്ചു.

ഈ മാസം എട്ടിനുശേഷം ബു
ധനാഴ്ച രാവിലെവരെ മരിച്ചത്
231 പേരെന്ന് ഔദ്യോഗികകണ
ക്ക്. 32 പേരെ കാണാതാവുക
യും ചെയ്തു. പരിക്കേറ്റ 123 പേർ
ചികിത്സയിലുണ്ട്.